# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.714**     **03/12/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - മരുന്നു വിതരണം

**ചോദ്യം**

**ശ്രീമതി പി. അയിഷാ പോറ്റി**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മരുന്നു വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | മരുന്നു വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട തുകയുടെ വിശദാംശം **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര തുകയുടെ മരുന്നുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട് ; എന്നാണ് ഓർഡർ നൽകിയത് ; | (ബി) | ഈ സാമ്പത്തിക വർഷം കോർപ്പറേഷൻ നാളിതുവരെ (25.11.2014)വരെ നൽകിയ പർച്ചേസ് ഓർഡറുകളുടെ വിശദാംശം **അനുബന്ധം II** ആയി ചേർക്കുന്നു. |
| (സി) | അതിൻ പ്രകാരം മരുന്നുകൾ ലഭിച്ചുവോയെന്നും അവയുടെ വിതരണം ആവശ്യാനുസരണം നടത്താൻ കഴിഞ്ഞുവോയെന്നും വിശദമാക്കാമോ ? | (സി) | കോർപ്പറേഷൻ മേയ്-ജൂൺ മാസങ്ങളിൽ നൽകിയ ഓർഡർ പ്രകാരമുള്ള മരുന്നുകളിൽ ഏറിയപങ്കും എത്തിക്കഴിഞ്ഞു. അവ ആവശ്യമനുസരിച്ച് ആശുപത്രികൾക്ക് വിതരണം നടത്തി വരുന്നു. തുടർന്ന് നൽകിയ മറ്റു ഓർഡറുകളിന്മേലുള്ള വിതരണം നടന്നുകൊണ്ടിരിക്കുന്നു. വിതരണക്കാരെ ലഭിക്കാതിരുന്ന 105 ഇനം മരുന്നുകളും, വിതരണത്തിൽ വീഴ്ച വരുത്തിയ ചില മരുന്നുകളും ഒഴികെ മറ്റു മരുന്നുകൾ നിലവിൽ ആവശ്യത്തിനു ലഭ്യമാക്കിയിട്ടുണ്ട്. കോർപ്പറേഷനിലൂടെ ലഭ്യമല്ലാത്ത മരുന്നുകൾക്ക് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകി ആശുപത്രി തലത്തിൽ തന്നെ വാങ്ങി വിതരണം ചെയ്യുന്നതിനും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ

അനുബന്ധം ... ലൈബ്രറിയിൽ ലഭ്യമാണ്